

04/04/2025

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/04/2025

1. മൂവാറ്റുപുഴ കാർഷിക മേള ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ വച്ചു നടത്തുന്നു. കൃഷി വകുപ്പ്, ജില്ലാ ഭരണകൂടം, ഡിടിപിസി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് ബ്ലോക്ക് പഞ്ചായത്ത് മേള സംഘടിപ്പിക്കുന്നത്. കാർഷികോൽപന്ന മേള, കാർഷിക മത്സരങ്ങൾ, കാർഷിക വാരാചരണം, കർഷക സെമിനാറുകൾ, എന്നിവയെല്ലാം കാർഷിക മേളയിൽ ഉണ്ടാകും. കർഷക അവാർഡുകൾ, നാട്ടുചന്ത, അഗ്രി ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇന്നവേഷൻ സെന്റർ, പാനൽ ചർച്ചകൾ, സ്റ്റുഡന്റ് ഫാമിങ് ഡേ, പി ഫോർ പെറ്റ്സ്, കൃഷി കല തുടങ്ങി ഓരോ ദിനവും വ്യത്യസ്ത പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ശീതീകരിച്ച ഒരു ലക്ഷം ചതുരശ്ര അടി പവിലിയനിലാണ് മേള ഒരുങ്ങുന്നത്. കാർഷികമേളയ്ക്കു പുറമേ ഊട്ടി മാതൃകയിലുള്ള പുഷ്പമേള, സസ്യപ്രദർശനവും വിൽപനയും, കൃത്രിമ വനം, വളർത്തു മൃഗങ്ങളുടെ സംഗമം, തുരങ്കപ്പാതയിലൂടെ അലങ്കാര മത്സ്യ പ്രദർശനം, സർക്കാർ-അർധ സർക്കാർ സ്റ്റാളുകൾ, വ്യാപാര വിപണന മേള, അസ്ട്രോ ഫിസിക്സ് പവിലിയൻ, കുടുംബശ്രീ ഭക്ഷ്യമേള, ഫുഡ് വ്ലോഗർ കോർണർ, വിപുലമായ കലാസന്ധ്യ, അമ്യൂസ്മെന്റ് കാർണിവൽ, ഇൻസ്റ്റലേഷനുകൾ, സെൽഫി കോർണർ, ഭാഗ്യ പരീക്ഷണ നറുക്കെടുപ്പ്, എന്നിവയും സംഘടിപ്പിക്കുമെന്നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

2. പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കാൻ അപേക്ഷ ക്ഷണിച്ചു. പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും പുറമെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഫാർമേഴ്സ്/ഫാർമർ പ്രൊഡ്യൂസഴ്സ് കമ്പനി, കൃഷിക്കൂട്ടങ്ങൾ, സഹകരണസ്ഥാപനങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയുടെ ഉൽപ്പന്നങ്ങളും ഹോർട്ടിസ്റ്റോറിൽ ലഭിക്കും. സംരംഭകർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിങ്), പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം വിലാസത്തിലോ, 9447472678. 6282339434, 9995058240, 9947564104 നമ്പറുകളിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ വിള സുസ്ഥിരതയ്ക്കായുള്ള ജൈവീക ഇടപെടലുകൾ (Organic Interventions for Crop Sustainability) യുടെ മൂന്നാമത്തെ ബാച്ചിലേക്ക് 2025ഏപ്രിൽ 10 വരെ അപേക്ഷിക്കാവുന്നതാണ് . പ്ലസ്ടു / തത്തുല്യ യോഗ്യതയുള്ളവർക്ക് https://docs.google.com/ വഴി 100 രൂപ അടച്ചു രെജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പറിലോ www.kau.in, www.ctl.kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**കാർഷിക നിർദ്ദേശം**

4. ജാതിയിൽ കായ ചീയൽ രോഗം-- ജാതിക്കായ ചീഞ്ഞു പോകുന്നതാണ് രോഗ ലക്ഷണം കായകളുടെ തണ്ടിനോട് ചേർന്ന് കാണുന്ന ഭാഗത്തു രോഗബാധ കാണാം. ഇതിൻറെ ഫലമായി കായകൾ തവിട്ടു നിറമായി തീരുകയും കൊഴിഞ്ഞു പോവുകയും ചെയ്യുന്നു.രോഗം മൂർച്ഛിക്കുന്ന ഘട്ടത്തിൽ കായ്കകളിൽ നിന്നും ദുർഗന്ധം വമിക്കുന്നു നിയന്ത്രണ മാർഗ്ഗങ്ങൾ കായകൾ പകുതി പാകമാകുമ്പോൾ ബോർഡോ മിശ്രിതം (ഒരു ശതമാനം വീര്യം )അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. VAM (വെസിക്കുലാർ ആർബസ്കുലാർ മൈക്കോറൈസ) - VAM സ്ഥൂല മൂലകങ്ങളായ നൈട്രജൻ ,ഫോസ്ഫറസ്, പൊട്ടാസിയം എന്നിവയുടെയും സൂക്ഷ്മ മൂലകങ്ങളായ സിങ്ക്,കാത്സ്യം,അയേൺ,മഗ്നീഷ്യം എന്നിവയുടെയും ലഭ്യത കൂട്ടുന്നു. ഉപയോഗ രീതി :500 ഗ്രാം കൾച്ചർ 2.5 ലിറ്റർ വെള്ളത്തിൽ ചേർത്ത് കുഴമ്പാക്കി തൈകളുടെ വേര് മുക്കിയെടുക്കാൻ ഉപയോഗിക്കാം.പറിച്ചു നടുന്ന തൈകളുടെ വേര് ഈ മിശ്രിതത്തിൽ 15 മുതൽ 20 മിനുട്ട് മുക്കി നടാൻ ഉപയോഗിക്കാം. 25 കി.ഗ്രാം കാലി വളത്തിൽ 1 കി.ഗ്രാം കൾച്ചർ മിശ്രണം ചെയ്ത് മണ്ണിൽ നേരിട്ട് ചേർത്ത് കൊടുക്കാം.ദീർഘ കാല വിളകൾക്ക് 10-25 ഗ്രാം ജീവാണു വളം ആദ്യ വർഷം വേര് പടലത്തിന് ചുറ്റും ഇട്ടു കൊടുക്കണം. തുടർന്ന് വരുന്ന വർഷങ്ങളിൽ 25 മുതൽ 50 ഗ്രാം ഇട്ടു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം